പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .177** — **22.01.2014-ൽ മറുപടിക്ക്**

**നിരോധിത മാർഗ്ഗങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം.**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ.ദാസൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | **ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | നിരോധിക്കപ്പെട്ട വലകൾ ഉപയോഗിച്ച് അറബിക്കടലിന്റെ അടിത്തട്ടിൽനിന്നുള്ള മത്സ്യബന്ധനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിരോധിത മാർഗ്ഗങ്ങളുപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | നിരോധിത മാർഗ്ഗങ്ങളുപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സംസ്ഥാനത്തിന്റെ അധികാര പരിധിയിൽപ്പെടുന്ന തീരക്കടലിൽ ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ പട്രോളിംഗ് ശക്തിപ്പെടുത്തി കർശന നടപടികൾ സ്വീകരിക്കാനും ലൈസൻസ് റദ്ദാക്കി വെസ്സൽ പിടിച്ചെടുത്ത് , കണ്ടുകെട്ടുന്നതിനും പിഴ ഈടാക്കുന്നതിനും കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | നിരോധിത മാർഗ്ഗങ്ങൾ ഉപയോഗിച്ച് തീരക്കടലിൽ നടക്കുന്ന മത്സ്യബന്ധനം പരമ്പരാഗത മത്സ്യബന്ധ മേഖലയെ ഏതെല്ലാം നിലയിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പരമ്പരാഗത മത്സ്യബന്ധന മേഖലയെ ഇത് കാര്യമായി ബാധിച്ചിട്ടില്ല. |

Jayasree

**സെക്ഷൻ ഓഫീസർ**